ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. നാല് പുതിയ സെമികണ്ടക്ടർ യൂണിറ്റുകൾക്ക് അംഗീകാരം നൽകിയ കേന്ദ്ര മന്ത്രിസഭ തീരുമാനം ഉയർന്ന വൈദഗ്ധ്യമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Prime Minister Narendra Modi said that the Union Cabinet's decision to approve four new semiconductor units will help create high-skilled job opportunities.

2. പുതിയ ആദായനികുതി ബിൽ, ടാക്സേഷൻ നിയമ (ഭേദഗതി) ബിൽ എന്നിവയ്ക്ക് പാർലമെന്റ് അംഗീകാരം. വർഷകാല സമ്മേളനം തിങ്കളാഴ്ച പുനരാരംഭിക്കും.

   Parliament approves the new Income Tax Bill and the Taxation Laws (Amendment) Bill; Monsoon Session to resume on Monday.

3. ഇന്ത്യ-സിംഗപ്പൂർ മൂന്നാം ഘട്ട മന്ത്രിതല യോഗം ഇന്ന് ന്യൂഡൽഹിയിൽ. കേന്ദ്ര മന്ത്രിമാരായ എസ്. ജയ്ശങ്കർ, നിർമ്മല സീതാരാമൻ, അശ്വിനി വൈഷ്ണവ്, പിയൂഷ് ഗോയൽ എന്നിവർ പങ്കെടുക്കും.

India–Singapore Third Ministerial Roundtable to be held in New Delhi today; Union Ministers S. Jaishankar, Nirmala Sitharaman, Ashwini Vaishnaw, and Piyush Goyal to attend.

4. ബംഗ്ലാദേശിൽ നിന്നുള്ള ചണം - കയർ ഉൽപ്പന്നങ്ങളുടെ കരമാർഗമുള്ള ഇറക്കുമതി നിരോധിച്ച് ഇന്ത്യ.

   India bans overland import of jute and coir products from Bangladesh.

5. ചൈനയിൽ നടക്കുന്ന ലോക ഗെയിംസിൽ വനിതകളുടെ വുഷു 52 കിലോഗ്രാം വിഭാഗത്തിൽ വെള്ളി മെഡൽ നേടി ചരിത്രം കുറിച്ച് ഇന്ത്യയുടെ നമ്രത ബത്ര.

   India's Namrata Batra creates history with a silver medal in women's Wushu 52kg category at the World Games in China..

&&&&&&&&&&&&&&&&&&

## PM – SEMICONDUCTOR

സെമികണ്ടക്ടർ മേഖലയിൽ ഇന്ത്യ അതിവേഗം മുന്നേറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആന്ധ്രാപ്രദേശ്, ഒഡീഷ, പഞ്ചാബ് എന്നിവിടങ്ങളിൽ സെമികണ്ടക്ടർ യൂണിറ്റുകൾക്ക് അംഗീകാരം നൽകിയ കേന്ദ്ര മന്ത്രിസഭ തീരുമാനം ഉൽപാദന ശേഷി വർധിപ്പിക്കാനും ഉയർന്ന വൈദഗ്ധ്യമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ആഗോള വിതരണ ശൃംഖലയിൽ

ഇന്ത്യയെ മുന്നിരയിലെത്തിക്കാൻ തീരുമാനം വഴിയൊരുക്കുമെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. മൂന്ന് സംസ്ഥാനങ്ങളിലായി നാലായിരത്തി 594 കോടി രൂപയുടെ നാല് പുതിയ സെമികണ്ടക്ടർ നിർമ്മാണ യൂണിറ്റുകൾക്കാണ് കേന്ദ്ര മന്ത്രിസഭ ഇന്നലെ അംഗീകാരം നൽകിയത്. ഉത്തർപ്രദേശിലെ ലഖ്നൗ മെട്രോ റെയിൽ പദ്ധതിയുടെ ഒന്നാം ഘട്ടത്തിനും അംഗീകാരമായതായി കേന്ദ്രമന്ത്രി മന്ത്രി അശ്വിനി വൈഷ്ണവ് ഇന്നലെ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. അഞ്ച് വർഷത്തിനുള്ളിൽ 12 സ്റ്റേഷനുകളാണ് നിർമിക്കുക. അരുണാചൽ പ്രദേശിലെ ഷി യോമി ജില്ലയിൽ നിർമിക്കുന്ന 700 മെഗാവാട്ട് ശേഷിയുള്ള ടാറ്റോ-II ജലവൈദ്യുത പദ്ധതിക്കും അനുമതിയായി.

&&&&&&&&&&&&&&&&&&

## PM-UZBEK PRESIDENT CALL

പ്രധാനമന്ത്രി നരേന്ദ്ര മോദി ഉസ്ബെക്കിസ്ഥാൻ പ്രസിഡന്റ് ഷവ്കത്ത് മിർസിയോയേവുമായി ടെലിഫോൺ സംഭാഷണം നടത്തി. പ്രധാനമന്ത്രിക്കും ഇന്ത്യയിലെ ജനങ്ങൾക്കും പ്രസിഡന്റ് മിർസിയോയേവ് സ്വാതന്ത്ര്യദിനാശംസകൾ നേർന്നു. വ്യാപാരം, കണക്റ്റിവിറ്റി, ആരോഗ്യം, സാങ്കേതികവിദ്യ എന്നിവയുൾപ്പെടെ ഉഭയകക്ഷി സഹകരണത്തിന്റെ സുപ്രധാന മേഖലകളിലെ പുരോഗതി ഇരു നേതാക്കളും അവലോകനം ചെയ്തു.

&&&&&&&&&&&&&&&&&&

## PM-ASTRONOMY OLYMPIAD-INTRO

യുവമനസ്സുകളിൽ ശാസ്ത്ര അഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മുംബൈയിൽ നടക്കുന്ന 18-മത് അസ്ട്രോണമി, അസ്ട്രോ ഫിസിക്സ് ഒളിമ്പ്യാഡിനെ വിർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 64 രാജ്യങ്ങളിൽ നിന്നുള്ള 300-ലധികം പേർ ഒളിമ്പ്യാഡിൽ പങ്കെടുക്കുന്നുണ്ട്. ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്താൻ ബഹിരാകാശ ശാസ്ത്രം പ്രയോജനപ്പെടുത്തണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയിസ്)**

&&&&&&&&&&&&&&&&&&

## RS-IT TAXATION BILLS

പുതിയ ആദായനികുതി ബിൽ, ടാക്സേഷൻ നിയമ (ഭേദഗതി) ബിൽ എന്നിവയ്ക്ക് പാർലമെന്റ് അംഗീകാരം. രാജ്യസഭയിലെ ചർച്ചയ്ക്ക് ശേഷം രണ്ട് ബില്ലുകളും ലോക്സഭയ്ക്ക് തിരിച്ചയച്ചു. നികുതിദായകർക്ക് പ്രയോജനം ചെയ്യുന്ന തരത്തിൽ ആദായനികുതി നിയമങ്ങൾ സംക്ഷിപ്തവും ലളിതവുമാക്കിയതായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. 1961 ലെ നിയമത്തിന് പകരമായാണ് പുതിയ നിയമനിർമാണം. ബില്ലിൽ ഇരു സഭകളിലും നടന്ന ചർച്ചകളിൽ പ്രതിപക്ഷം പങ്കെടുക്കാത്തതിൽ കേന്ദ്രധനമന്ത്രി അതൃപ്തി അറിയിച്ചു.

&&&&&&&&&&&&&&&&&&

## PARLIAMENT

ദേശീയ കായിക ഭരണ നിർവഹണ ബില്ലിനും, ഉത്തേജക മരുന്ന് വിരുദ്ധ ബില്ലിനും പാർലമെൻറിൻറെ അംഗീകാരം. ലോക്സഭ പാസ്സാക്കിയ ബില്ലുകൾ രാജ്യസഭയും അംഗീകരിക്കുകയായിരുന്നു. ഇന്ത്യൻ തുറമുഖ ബിൽ 2025 ഉം ലോക്സഭ പാസാക്കി. അതേസമയം, വിവിധ വിഷയങ്ങളിൽ പാർലമെന്റിൽ ഇന്നലെയും പ്രതിപക്ഷ ബഹളം രൂക്ഷമായി. വർഷകാല സമ്മേളനം തിങ്കളാഴ്ച പുനരാരംഭിക്കും.

&&&&&&&&&&&&&&&&&&

## FARMERS-GOVT MEET

വിദേശ സമ്മർദങ്ങൾക്കിടയിലും വ്യാപാര കരാറുകളിൽ സ്വീകരിച്ച ധീരമായ തീരുമാനത്തിന് രാജ്യമെമ്പാടുമുള്ള കർഷകർ പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് നന്ദി പറഞ്ഞു. കർഷക സംഘടനാ നേതാക്കളും കർഷകരും അടങ്ങുന്ന സംഘം ഇന്നലെ ന്യൂഡൽഹിയിൽ കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാനുമായി കൂടിക്കാഴ്ച നടത്തി. നിലവാരമില്ലാത്ത വളങ്ങളും രാസവസ്തുക്കളും ഉത്പാദിപ്പിക്കുന്നവർക്കെതിരെ ഉടൻ പുതിയ നിയമം കൊണ്ടുവരുമെന്ന് കേന്ദ്രമന്ത്രി കർഷകരോട് അറിയിച്ചു.

&&&&&&&&&&&&&&&&&&

## HAR GHAR TIRANGA-SIKKIM

ഹർ ഘർ തിരംഗ കാമ്പയിനിന്റെ ആവേശത്തിൽ രാജ്യം. കാമ്പെയ്നിന്റെ ഭാഗമായി സിക്കിമിൽ സംഘടിപ്പിച്ച സംസ്ഥാനതല പരിപാടിക്ക് സിക്കിം മുഖ്യമന്ത്രി പ്രേം സിംഗ് തമാങ് നേതൃത്വം നൽകി. സ്വാതന്ത്ര്യസമരത്തിൽ ജീവൻ ത്യജിച്ചവർക്ക് ആദരം അർപ്പിക്കുന്നതിനായി 'ഹർ ഘർ തിരംഗ' കാമ്പെയ്നിൽ പങ്കുചേരാൻ ത്രിപുര മുഖ്യമന്ത്രി മണിക് സാഹ എല്ലാ വിഭാഗം ജനങ്ങളോടും അഭ്യർത്ഥിച്ചു. കേരളത്തിലും ക്യാമ്പയിനോട് അനുബന്ധിച്ച് നിരവധി പരിപാടികളാണ് പുരോഗമിക്കുന്നത്.

&&&&&&&&&&&&&&&&&&

## INDIA-SINGAPORE

ഇന്ത്യ-സിംഗപ്പൂർ മൂന്നാം ഘട്ട മന്ത്രിതല യോഗം ഇന്ന് ന്യൂഡൽഹിയിൽ നടക്കും. കേന്ദ്ര മന്ത്രിമാരായ എസ്. ജയ്ശങ്കർ, നിർമ്മല സീതാരാമൻ, അശ്വിനി വൈഷ്ണവ്, പിയൂഷ് ഗോയൽ എന്നിവർ പങ്കെടുക്കും. സിംഗപ്പൂർ ഉപപ്രധാനമന്ത്രി, വിദേശകാര്യ മന്ത്രി എന്നിവരുൾപ്പെടെ യോഗത്തിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യ-സിംഗപ്പൂർ ഉഭയകക്ഷി സഹകരണം കൂടുതൽ വിശാലമാക്കാനുള്ള സാധ്യത യോഗം ചർച്ച ചെയ്യും.

&&&&&&&&&&&&&&&&&&

## BANGLADESH-RESTRICTIONS

ബംഗ്ലാദേശിൽ നിന്നുള്ള ചണം - കയർ ഉൽപ്പന്നങ്ങളുടെ കരമാർഗമുള്ള ഇറക്കുമതി ഇന്ത്യ നിരോധിച്ചു. തുണിത്തരങ്ങൾ, കയറുകൾ, ബാഗുകൾ തുടങ്ങിയ വസ്തുക്കൾ ഇനി മഹാരാഷ്ട്രയിലെ നവ ഷേവ തുറമുഖം വഴി മാത്രമേ എത്തിക്കാവൂ എന്ന് ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ പറഞ്ഞു. ആഭ്യന്തര വ്യവസായത്തിന്റെ ഗുണനിലവാര നിയന്ത്രണം ലക്ഷ്യമിട്ടാണ് നീക്കം.

&&&&&&&&&&&&&&&&&&

**MHA-OCI**

ഇന്ത്യൻ പൗരന്മാർക്കുള്ള OCI മാനദണ്ഡങ്ങൾ കർശനമാക്കി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. OCI പദ്ധതിയുടെ ദുരുപയോഗം തടയുകയും സമഗ്രത നിലനിർത്തുകയുമാണ് ലക്ഷ്യം. ഒരു വ്യക്തിക്ക് രണ്ട് വർഷമോ അതിൽ കൂടുതലോ തടവ് ശിക്ഷ ലഭിച്ചാലോ, ഏഴ് വർഷമോ അതിൽ കൂടുതലോ തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യത്തിന് കുറ്റപത്രം സമർപ്പിച്ചാലോ OCI രജിസ്ട്രേഷൻ റദ്ദാക്കുമെന്ന് മന്ത്രാലയം അറിയിച്ചു. ഇന്ത്യൻ വംശജർക്കും അവരുടെ കുടുംബത്തിനും ദീർഘകാലം ഇന്ത്യയിൽ തുടരാനും ജീവിക്കാനും നൽകുന്ന അനുമതിയാണ് ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ കാർഡ്.

&&&&&&&&&&&&&&&&&&

**P RAJEEV**

പ്രധാൻമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭ രൂപവൽക്കരണ പദ്ധതി നടപ്പാക്കുന്നതിൽ, രാജ്യത്തുതന്നെ ഏറ്റവും മുന്നിലുള്ള കേരള വ്യവസായ വകുപ്പ്, കഴിഞ്ഞ മൂന്നുവർഷമായി നൂറു ശതമാനവും പ്രവർത്തന വിജയം നേടിയതായി മന്ത്രി പി. രാജീവ്. കേരള കാർഷിക സർവകലാശാലയുടെ വെള്ളാനിക്കര ക്യാമ്പസ്സിൽ പദ്ധതി പ്രകാരം ആരംഭിക്കുന്ന കോമൺ ഇൻക്യുബേഷൻ സെന്ററിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സ്റ്റാർട്ടപ്പുകൾക്കും ചെറിയ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്കും ഇൻകുബേഷൻ ഫെസിലിറ്റി ലഭ്യമാക്കുന്ന തരത്തിലാണ് കേന്ദ്രം സജ്ജമാക്കിയിരികുന്നത്.

&&&&&&&&&&&&&&&&&&

**SURESH GOPI–THRISSUR**

തൃശ്ശൂരിൽ ഇന്നലെയുണ്ടായ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ബിജെപി - സിപിഐഎം പാർട്ടി ഓഫീസുകൾക്ക് പോലീസ് സുരക്ഷ ഏർപ്പെടുത്തി. ഇന്നലെയുണ്ടായ സംഘർഷത്തിൽ പാർട്ടി പ്രവർത്തകർക്ക് പരിക്കേറ്റു. കേന്ദ്രമന്ത്രിയും എംപിയുമായ സുരേഷ് ഗോപിയുടെ ഓഫീസിലെ ബോർഡിൽ കരിയോയിൽ ഒഴിച്ചതിൽ പ്രതിഷേധിച്ചാണ് ബിജെപി സിപിഐഎം ജില്ലാ കമ്മിറ്റി ഓഫീസിലേക്ക് മാർച്ച് സംഘടിപ്പിച്ചത്. അതേസമയം, ഇന്ന് രാവിലെ തൃശ്ശൂരിലെത്തുന്ന കേന്ദ്ര മന്ത്രി സുരേഷ് ഗോപി മാർച്ചിൽ പരിക്കേറ്റ ബിജെപി നേതാക്കളെ സന്ദർശിക്കും.

&&&&&&&&&&&&&&&&&&

## INDIA -SINGAPORE-SONOWAL (INTRO)

ഇന്ത്യയും സിംഗപ്പൂരും തമ്മിലെ ശക്തവും ബഹുമുഖവുമായ ബന്ധം കൂടുതൽ മെച്ചപ്പെടുത്താൻ കണക്ടിവിറ്റി വർധിപ്പിക്കുന്നതിലൂടെ സാധിക്കുമെന്ന് കേന്ദ്ര തുറമുഖ മന്ത്രി സർബാനന്ദ സോനോവാൾ. മുംബൈയിൽ ഹരിത - ഡിജിറ്റൽ മാരിടൈം കോറിഡോർ എന്ന വിഷയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആഗോള വ്യാപാര ചലനാത്മകതയെ പുനർനിർവചിക്കാൻ ഇന്ത്യ-സിംഗപ്പൂർ ഗ്രീൻ & ഡിജിറ്റൽ ഷിപ്പിംഗ് ഇടനാഴിക്ക് കഴിയുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

( വോയിസ്....)

&&&&&&&&&&&&&&&&&&

## INDIA-WUSHU

ചൈനയിലെ ചെങ്ഡുവിൽ നടക്കുന്ന ലോക ഗെയിംസിൽ വനിതകളുടെ വുഷു 52 കിലോഗ്രാം വിഭാഗത്തിൽ വെള്ളി മെഡൽ നേടി ചരിത്രം കുറിച്ച് ഇന്ത്യയുടെ നമ്രത ബത്ര. നാല് തവണ ദേശീയ ചാമ്പ്യനായ 24 കാരിയായ നമ്രത ബത്ര ഫൈനലിൽ ചൈനീസ് താരത്തോടാണ് പരാജയപ്പെട്ടത്. ഗെയിംസിൽ ഇന്ത്യ ഇതുവരെ ഒരു സ്വർണം, രണ്ട് വെള്ളി, നാല് വെങ്കലം ഉൾപ്പടെ ഏഴ് മെഡലുകൾ നേടിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## FOOTBALL-SUBROTO CUP

64-ാമത് സുബ്രതോ കപ്പ് അന്താരാഷ്ട്ര ഫുട്ബോൾ ടൂർണമെന്റിനു ഈ മാസം 19നു തുടക്കമാകും. ജൂനിയർ ആൺകുട്ടികൾ , പെൺകുട്ടികൾ , സബ് ജൂനിയർ എന്നീ മൂന്ന് വിഭാഗങ്ങളിലായി 106 ടീമുകൾ പങ്കെടുക്കും. അടുത്ത മാസം 25 വരെ ഡൽഹിയിലും ബെംഗളൂരുവിലുമായി സംഘടിപ്പിക്കുന്ന ടൂർണമെന്റിൽ 200 ലധികം മത്സരങ്ങൾ നടക്കും.

&&&&&&&&&&&&&&&&&&

## HAJJ APPLICATION

അടുത്ത വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിനുള്ള നറുക്കെടുപ്പ് മുംബൈയിലെ കേന്ദ്ര ഹജ്ജ് കമ്മിറ്റി ഓഫീസിൽ ഇന്ന് നടക്കും. കേന്ദ്ര ഹജ്ജ് കമ്മിറ്റി പുറത്തിറക്കിയ മാർഗനിർദേശ പ്രകാരം 2026 വർഷത്തേക്കുള്ള അപേക്ഷകളിൽ 65 വയസ്സിന് മുകളിലുള്ളവർക്കാണ് ആദ്യ പരിഗണന. തുടർന്ന് 2025-ൽ അപേക്ഷിച്ച് അവസരം ലഭിക്കാത്തവരെ പരിഗണിക്കും.

&&&&&&&&&&&&&&&&&&

## WORLD ORGAN DONATION DAY

ഇന്ന് ലോക അവയവ ദാന ദിനം. അവയവദാനത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ അകറ്റുന്നതിനും

അവബോധം വളർത്തുന്നതിനുമാണ് ഓഗസ്റ്റ് 13 ലോക

അവയവദാന ദിനമായി ആചരിക്കുന്നത്. അവയവങ്ങൾ മരണശേഷം ദാനം ചെയ്യുന്നത് വഴി അനവധി ജീവനുകൾ രക്ഷിക്കാൻ സാധിക്കും. Answering the Call എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&